3. പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിൽ 1048 സി.ഡി.എസു.കളുടെ രൂപീകരണം.

4. ദേശീയ കാർഷിക-ഗ്രാമ വികസന ബാങ്കിന്റെ ലിങ്കേജ് ബാങ്കിംങ് പദ്ധതിയുമായി ഏറ്റവും ചുരുങ്ങിയത് 20% അയൽക്കൂട്ടങ്ങളേയും ബന്ധിപ്പിക്കുക.

5. സംസ്ഥാനത്തെ വീടില്ലാത്ത എല്ലാവർക്കും അഞ്ചു വർഷത്തിനകം വീട് ലഭ്യമാക്കുക.

6. അഞ്ചുവർഷത്തിനകം എല്ലാ കുടുംബങ്ങൾക്കും തങ്ങളുടെ വാസസ്ഥലത്തിന് 300 മീറ്റർ ദൂരപരിധിയിൽ ശുദ്ധജലസൗകര്യം ലഭ്യമാക്കുക.

7. അഞ്ചുവർഷത്തിനകം സംസ്ഥാനത്ത് എല്ലാ വീടുകളിലും ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കുക.

8. ഒരു അയൽക്കൂട്ടത്തിൽ ഏറ്റവും ചുരുങ്ങിയത് ഒന്ന് എന്ന നിരക്കിൽ സ്ഥായിയായ മൈക്രോസംരംഭത്തിന്റെ രൂപീകരണം.

9. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതിക്കാവശ്യമായ പ്രത്യേക പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

കശുവണ്ടി ഉൽപ്പാദനം

16 (*391)ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയെ അടിസ്ഥാനമാക്കി കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തെ നിലനിർത്തുന്ന അവസ്ഥ ഒഴിവാക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വ്യവസായവകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വനനശീകരണത്തിലൂടെ ഊഷരഭൂമിയായി മാറിയ വനഭൂമികൾ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ കശുമാവ് വച്ച് പിടിപ്പിച്ച് കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാൻ വ്യവസായ വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ കേരളത്തിലെ ഒരു വർഷത്തെ കശുവണ്ടി ഉൽപ്പാദനം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി)തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവു

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ വക ഫാക്ടറികളുടെ പരിസരത്തും കെ.എം.എം.എൽ. ഫാക്ടറി കോമ്പൗണ്ടിലും കശുമാവ് കൃഷി ആരംഭിച്ചുകഴിഞ്ഞു. തരിശുഭൂമികളിലും പുറംപോക്കുഭൂമികളിലും മുന്തിയ ഇനം കശുമാവ് വച്ചു പിടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കശുമാവ് കൃഷി വ്യാപകമായി നടപ്പാക്കുന്നതിന് കശുവണ്ടിവികസന കോർപ്പറേഷന് 5 കോടി രൂപ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) കശുമാവുകൃഷിയുടെ വികസനത്തിനായി വ്യവസായ വകുപ്പും കൃഷി വകുപ്പും, കേന്ദ്ര സർക്കാരും സംസ്ഥാനസർക്കാരും ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ നടപ്പാക്കി വരികയാണ്. കൃഷി വകുപ്പിൽ കശുമാവ് കൃഷി വികസനത്തിനായി "കശുമാവ് വികസന കൗൺസിൽ" രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കേരളത്തിലെ കശുമാവ് കൃഷിയുടെ സമഗ്രവികസനം, ഗവേഷണം, ഉൽപ്പാദനം, ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം, മൂല്യവർദ്ധനവ്, വിപണനം, ഗുണനിലവാരം മെച്ചപ്പെടുത്തൽ, കയറ്റുമതി, കൃഷി വ്യാപിപ്പിക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി "ടെക്നോളജിമിഷൻ ഓൺ കാഷ്യൂ" എന്ന പദ്ധതി കൃഷിവകുപ്പിൽ നടപ്പാക്കി വരുന്നു.

(ഡി) 1998- ൽ ഏകദേശം 60,000 മെട്രിക് ടൺ ആയിരുന്നു.

നഗരാസൂത്രണവകുപ്പിന്റെ സേവനം ഗ്രാമപ്രദേശങ്ങളിൽകൂടി ലഭ്യമാക്കുന്ന പദ്ധതി

17 (*392)ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരാസൂത്രണ വകുപ്പിന്റെ സേവനം ഗ്രാമപ്രദേശങ്ങളിൽ കൂടി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി കഴിഞ്ഞ മൂന്നുവർഷമായി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) നഗരാസൂത്രണ വകുപ്പിന്റെ സേവനം ഗ്രാമപ്രദേശങ്ങളിൽ കൂടി ലഭ്യമാക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതൊക്കെ ഗ്രാമപ്രദേശങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അപ്രകാരം ഗ്രാമപ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്തെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) നഗരാസൂത്രണവകുപ്പിന്റെ സേവനം ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഗ്രാമപ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ)&(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly